170/NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
11/12/2019

**സർക്കുലർ**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം 2019-20 ലെ സപ്തദിന ക്യാമ്പ് 2019 ഡിസംബർ 21 ന് രാവിലെ 8 മണിയ്ക്ക് ആരംഭിച്ച് 27 ന് വൈകുന്നേരം 3 മണിയ്ക്ക് അവസാനിപ്പിക്കേണ്ടതാണ്.

ഗ്രാന്റ് ഇൻ എയ്ഡ് തുക കേന്ദ്ര സർക്കാർ ഉടനെ അനുവദിക്കുമെന്നും സ്പെഷ്യൽ ക്യാമ്പിന് ഫണ്ട് അനിവാര്യമായതിനാൽ ആവശ്യമായ ഫണ്ട് കണ്ടെത്തേണ്ടതും തുക ലഭിക്കുന്ന മുറയ്ക്ക് തിരികെ നൽകേണ്ടതാണെന്നും സ്റ്റേറ്റ് എൻഎസ്എസ് ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**പ്രിൻസിപ്പിൽമാർക്കും പ്രോഗ്രാം ഓഫീസർമാർക്കുമുള്ള നിർദ്ദേശങ്ങൾ**

- ഗാന്ധി സ്മൃതി, സമദർശൻ, ജീവരക്ഷ എന്നീ പരിപാടികൾ നിശ്ചിത ദിവസങ്ങളിൽ നടത്തേണ്ടതാണ്.
- രജിസ്റ്ററുകൾ പൂർത്തീകരിച്ച് ക്യാമ്പിൽ സൂക്ഷിക്കേണ്ടതും അധികൃതർക്ക് പരിശോധനക്കായി നൽകേണ്ടതുമാണ്.
- ക്യാമ്പ് ചെയ്യുന്ന സ്കൂളിലെയോ, പ്രോജക്ട് വർക്ക് നടക്കുന്ന സ്കൂളിലെയോ, പ്രോജക്ടർ, ലാപ്പ്ടോപ്പ് തുടങ്ങിയ സാധനങ്ങൾ ക്യാമ്പിനായി ഉപയോഗിക്കാൻ പാടില്ല.
- രണ്ടാം ഘട്ട മോണിറ്ററിംഗ് നടത്താത്ത യൂണിറ്റുകളുടെ ക്യാമ്പ് എൻഎസ്എസ് ഓഫീസർമാർ സന്ദർശിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നതല്ല.
- ഓരോ ദിവസത്തെയും റിപ്പോർട്ട് (ഡോക്കുമന്റേഷൻ) കൃത്യമായി എഴുതി തയ്യാറാക്കിയത് പ്രോഗ്രാം ഓഫീസർമാർ 04/01/2020 നു മുൻപ് പിഎസിമാർക്ക് പ്രോഗ്രാം ഓഫീസർമാരുടെ ക്യാമ്പ് റിപ്പോർട്ടിനൊപ്പം നൽകണം.
- പ്രോജക്ട് വർക്ക് ആരംഭിക്കുന്നതിനുമുമ്പും ശേഷവും പ്രാഥമിക വിദ്യാലയത്തിന്റെ ഫോട്ടോകൾ എടുത്ത് ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.
- സ്പെഷ്യൽ ക്യാമ്പുമായി ബന്ധപ്പെട്ട് പഠന യാത്രകൾ, ട്രക്കിംഗ് , ക്യാമ്പ് ഫയർ എന്നിവ പാടില്ല.

- **അപകടകരമായ രീതിയിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വോളണ്ടിയർമാരെ അനുവദിയ്ക്കരുത്. വെള്ളം, വൈദ്യുതി എന്നിവയുടെ കാര്യത്തിൽ വളരെ ശ്രദ്ധ വേണം.**
- നദി, കുളം, കനാൽ, തോട് എന്നിവിടങ്ങളിൽ കുളിക്കാനോ മറ്റാവശ്യങ്ങൾക്കോ വോളണ്ടിയർമാർക്ക് അനുവാദം നൽകരുത്.
- ക്യാമ്പിൽ രാത്രിയും പകലും ആവശ്യമായ സുരക്ഷ ഉറപ്പാക്കേണ്ടതാണ്.
- ക്യാമ്പിൽ പങ്കെടുക്കുന്ന വോളണ്ടിയർമാർ, ഡ്യൂട്ടിയിലുള്ള അധ്യാപകർ, ക്ഷണിക്കപ്പെട്ട വ്യക്തികൾ, എൻഎസ്എസ് ഓഫീസർമാർ എന്നിവർക്കല്ലാതെ ആർക്കും ക്യാമ്പിൽ പ്രവേശനമില്ല. പുറമേ നിന്നുള്ള യാതൊരുവിധ കലാപരിപാടികളും അനുവദനീയമല്ല.
- രക്ഷകർത്താക്കൾ പ്രോഗ്രാം ഓഫീസറുടെ അനുമതിയോടുകൂടി മാത്രമേ വോളണ്ടിയറെ സന്ദർശിക്കാൻ പാടുള്ളൂ. രക്ഷകർത്താക്കളുടെ സന്ദർശനം ക്യാമ്പിനു തടസ്സമാകാത്ത രീതിയിൽ പ്രോഗ്രാം ഓഫീസർ പ്രത്യേകമായി ക്രമപ്പെടുത്തേണ്ടതാണ്.
- രണ്ടാം വർഷ വോളണ്ടിയർമാർ ഡിസംബർ 26 ന് ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. എന്നാൽ പ്രവേശനം പ്രഥമ ശുശ്രൂഷ പരിശീലനത്തിന് മാത്രമായിരിക്കും.
- എൻറോൾ ചെയ്യാത്ത വിദ്യാർത്ഥികളെ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.
- ക്യാമ്പ് ആരംഭിക്കുന്ന ദിവസം രാവിലെ 8 മണിയ്ക്ക് രജിസ്ട്രേഷൻ ആരംഭിക്കേണ്ടതും 10 മണിയ്ക്ക് ക്യാമ്പിന്റെ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതുമാണ്. ഉദ്ഘാടന സമ്മേളനം ഉദ്ഘാടകന്റെ സൗകര്യാർത്ഥം ക്രമീകരിക്കേണ്ടതാണ്.
- രണ്ടാം വർഷ വോളണ്ടിയർമാർ ക്യാമ്പിൽ പങ്കെടുക്കുന്നുവെങ്കിൽ ആയതിനുള്ള പ്രത്യേക അനുമതി ക്യാമ്പിൽ ഉണ്ടായിരിക്കണം. ഒന്നാം വർഷ വോളണ്ടിയർമാർ ക്യാമ്പിൽ പങ്കെടുക്കാതിരുന്നാൽ ആയതിന്റെ കാരണം സ്പെഷ്യൽ ക്യാമ്പിൽ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് (MEDICAL, UNAUTHORISED ABSENT, OTHER REASON(SPECIFY). പങ്കെടുക്കാത്ത വോളണ്ടിയർമാർക്ക് 2020– 21 ലെ ക്യാമ്പിൽ പങ്കെടുക്കണമെങ്കിൽ 2020 ജനുവരി 5 ന് മുൻപായി രേഖകൾ പ്രോഗ്രാം ഓഫീസർ വാങ്ങേണ്ടതും പിഎസി പരിശോധിച്ച് സ്കൂളിൽ

സൂക്ഷിക്കേണ്ടതുമാണ്. ഇത്തരത്തിൽ അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പ്രത്യേക അനുമതിയ്ക്കായി പരിഗണിക്കുന്നതല്ല.

- ഗ്രൂപ്പുചുമതല, ഡ്യൂട്ടിയിലുള്ള അധ്യാപകരുടെ പേരുവിവരം എന്നിവ ചാർട്ടിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- ഭക്ഷണം ക്യാമ്പിൽ പാചകം ചെയ്യണം, പുറമേ നിന്നുള്ള ഭക്ഷണം അനുവദിക്കരുത്.
- മൊബൈൽ ഫോൺ നിരോധനം, മാന്യമായ വസ്ത്ര ധാരണം, അച്ചടക്കം എന്നിവയുടെ കാര്യത്തിൽ കർശന നിലപാടുകൾ സ്വീകരിക്കേണ്ടതാണ്.
- യാതൊരു വിധ ആവശ്യങ്ങൾക്കും വോളണ്ടിയർമാരെ വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കരുത്.
- പ്രോഗ്രാം ഓഫീസർമാർ മുഴുവൻ സമയവും, 2 അധ്യാപകർ, 2 അധ്യാപികമാർ എന്നിവർ ദിവസേനയും ക്യാമ്പ് ഡ്യൂട്ടിയിൽ ഉണ്ടായിരിക്കണം. സമദർശൻ, ജീവരക്ഷ ക്ലാസ്സുകൾക്കായി സമീപ ക്യാമ്പുകളിലേയ്ക്ക് പ്രോഗ്രാം ഓഫീസർമാർ പോകേണ്ടിവന്നാൽ പകരം ക്രമീകരണം യൂണിറ്റിൽ രേഖപ്പെടുത്തേണ്ടതും പിഎസിയെ അറിയിക്കേണ്ടതുമാണ്.
- സപ്തദിന ക്യാമ്പിനായി വോളണ്ടിയർമാരിൽ നിന്നോ രക്ഷകർത്താക്കളിൽ നിന്നോ പണപ്പിരിവ് നടത്താൻ പാടില്ല.
- സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ക്യാമ്പിനു പുറത്തു പോകുമ്പോൾ ഗ്രൂപ്പായി മാത്രമേ വോളണ്ടിയർമാരെ നിയോഗിക്കാവൂ. പ്രവർത്തനം കഴിഞ്ഞ് എല്ലാവരും ക്യാമ്പിൽ എത്തി എന്നു പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ക്യാമ്പിലും ക്യാമ്പിനു പുറത്തും വോളണ്ടിയർമാർ എൻഎസ്എസിന്റേതായ അച്ചടക്കം പാലിക്കേണ്ടതാണ്.
- എല്ലാ ക്യാമ്പുകളിലും അവശ്യം വേണ്ട ഫസ്റ്റ് എയ്ഡ് കിറ്റ് സൂക്ഷിക്കേണ്ടതാണ്. ശാരീരികമായ എന്തെങ്കിലും അവശതകളോ അത്യാഹിതമോ ക്യാമ്പിലെ വോളണ്ടിയർമാർക്ക് ഉണ്ടാവുകയാണെങ്കിൽ ഉടനടി വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ്.

സന്തോഷകരവും പ്രയോജനപ്രദവുമായ ഒരു സപ്തദിന ക്യാമ്പ് ആശംസിക്കുന്നതോടൊപ്പം ക്രിസ്തുമസ് പുതുവത്സരാശംസകൾ.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ